# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 08 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## വനഭൂമി പട്ടയവിതരണം ഡിസംബറിൽ

വനഭൂമി പട്ടയവിതരണം ഡിസംബറിൽ നടത്താൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീന്റെ സാന്നിദ്ധ്യത്തിൽ ചേർന്ന ഉദ്യോഗസ്ഥ, ജനപ്രതിനിധി യോഗം തീരുമാനിച്ചു. ഇതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തും. കേന്ദ്രാനുമതി ലഭിച്ച 2726.3877 ഹെക്ടറിൽ 1200.7068 ഹെക്ടറിന് 2019 ജൂലൈ 31 നുള്ളിൽ പട്ടയം നൽകി കഴിഞ്ഞു. ബാക്കി 1057.4915 ഹെക്ട റിലാണ് പട്ടയം അനുവദിക്കേണ്ടത്. ഇതിനായി ലഭിച്ച 3031 അപേക്ഷകളിൽ ടോട്ടൽ സ്റ്റേഷൻ, ജിപിഎസ് തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിച്ചാണ് സർവെ പൂർത്തീകരിക്കുക. ഇതിൽ സർവെ നടത്തുന്നതിന് മൂന്ന് പേർ വീതമുള്ള 10 ടീമുകളെ നിയോഗിക്കും. ജിപിഎസ് ഉപകരണ ങ്ങളുടെ ലഭ്യത കുറവ് പരിഹരിക്കാനും നടപടികൾ എടുക്കും. ഒക്ടോബർ 20 നകം സർവെ പൂർത്തീകരിക്കും. റവന്യൂ-വനം വകുപ്പ് സംയുക്ത പരിശോധന പൂർത്തീകരിക്കാനുള്ള 1352.5986 ഹെക്ടറിൽ ഈ മാസം 19 മുതൽ സംയുക്ത പരിശോധന തുടങ്ങും. 45 ദിവസം കൊണ്ട് സംയുക്ത പരിശോധന പൂർത്തീകരിക്കും.

വനഭൂമി പട്ടയവിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവലോകനം ചെയ്യുന്നതിന് അപേ ക്ഷകരുള്ള തൃശൂർ, തലപ്പിള്ളി, മുകുന്ദപുരം, ചാലക്കുടി, കുന്നംകുളം താലൂക്കുകളുടെ ചുമതലയു ള്ള ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു. അതത് പ്രദേശത്തെ ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് പ്രസിഡ ണ്ടുമാർ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ച് പ്രവർത്തനപുരോഗതി വിലയിരുത്തണം. ഇതിന്റെ ഭാഗമായി ആഗസ്റ്റ് 16 ന് താലൂക്ക് തല ആദ്യ യോഗം ചേരും. വനഭൂമി പട്ടയവിതരണത്തിന്റെ പ്രവർത്തനപുരോഗതി എല്ലാ ജില്ലാ വികസന സമിതി യോഗത്തിൽ ഡെപ്യൂട്ടി കളക്ടർ (എൽആർ) റിപ്പോർട്ട് ചെയ്യണം. പ്രവർത്തനങ്ങളുടെ ഏകോപനത്തിന് പ്രത്യേക ഓഫീസ് ആവശ്യമെങ്കിൽ അത് തുടങ്ങും. ഇക്കാര്യം സംബന്ധിച്ച് നിർദ്ദേശം നൽകാൻ ജില്ലാ കളക്ടറെ യോഗം ചുമതലപ്പെടുത്തി.

വനഭൂമി പട്ടയ അപേക്ഷയുമായി ബന്ധപ്പെട്ട് ലഭ്യമല്ലാത്ത 1905 ഫയലുകൾ അടിയന്തിര മായി കണ്ടെത്തി കൈമാറുന്നതിന് ഭൂരേഖ തഹസിൽദാർമാർക്ക് നിർദ്ദേശം നൽകി. ഫയലുകളും സംയുക്ത പരിശോധന റിപ്പോർട്ടും കാണാതായതിനെക്കുറിച്ച് വിശദമായ റിപ്പോർട്ട് തേടാനും ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തി നടപടി ആരംഭിക്കാനും നിർദ്ദേശം നൽകി. അടുത്ത അവലോകനയോഗത്തിൽ ഇത് സംബന്ധിച്ച നടപടികൾ അറിയിക്കണം. വനഭൂമി പട്ടയവിതരണം സംയുക്തപരിശോധന, നടപടികൾ എന്നിവ സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകും. കേന്ദ്രാനുമതി ലഭിക്കാത്ത ഭൂമിയ്ക്കുള്ള അപേക്ഷ നിശ്ചിത ഫോർമാറ്റിൽ നൽകുന്ന നടപടികൾ വേഗത്തിലാക്കും.

ജില്ലാ കളക്ടർ എസ് ഷാനവാസ് അദ്ധ്യക്ഷത വഹിച്ചു. ചീഫ് വിപ്പ് അഡ്വ. കെ രാജൻ, മുരളി പെരുനെല്ലി എംഎൽഎ, മേയർ അജിത വിജയൻ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ്, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## മഴ : ജില്ലയിൽ ഒരു മരണം; കനത്ത നാശനഷ്ടങ്ങൾ

കനത്ത മഴയിലും കാറ്റിലും മിന്നൽ ചുഴലിയിലും ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ കനത്ത നാശ നഷ്ടങ്ങൾ. സെപ്റ്റിക് ടാങ്കിൽ വീണ് പിഞ്ചുബാലൻ മരിച്ചു. നിരവധി പേർക്ക് പരി

ക്കേൽക്കുകയും നിരവധി വീടുകൾക്ക് പൂർണമായോ ഭാഗികമായോ കേടുപറ്റുകയും ചെയ്തു. ചാലക്കുടി താലൂക്കിലെ വിവിധ ഭാഗങ്ങളിൽ ചുഴലിക്കാറ്റ് വീശി വീടുകളുടെ മേൽക്കൂര പറന്നു പോയി. കനത്ത മഴയെ തുടർന്ന് ജില്ലയിൽ ഇന്ന് (ആഗസ്റ്റ് 9) ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കളക്ടർ ഇന്നു (ആഗസ്റ്റ് 9) അവധി പ്രഖ്യാപിച്ചു.

കനത്ത മഴയെ തുടർന്ന് തലപ്പിള്ളി താലൂക്കിലെ പൈങ്കുളം വില്ലേജിൽ പേറക്കാട്ടിൽ ശശി കുമാറിന്റെ മകൻ ആദിദേവ് (4) ആണ് ബന്ധുവിന്റെ പണിതീരാത്ത വീട്ടിന്റെ സെപ്റ്റിക് ടാങ്കിൽ വീണ് മരിച്ചത്. വ്യാഴാഴ്ച രാവിലെ ഒൻപതോടെയാണ് നാടിനെ നടുക്കിയ ദുരന്തമുണ്ടായത്.

ചാലക്കുടി താലൂക്കിൽ കൊടകര വില്ലേജിൽ വട്ടേകാട് മുക്കണാംപറമ്പിൽ ജോർജിന്റെ ഓടിട്ട വീട് ആൽമരം വീണ് പൂർണമായും തകർന്നതിനെ തുടർന്ന് വീട്ടിലെ മൂന്ന് പേർക്ക് പരിക്കേറ്റു. ജോർജ് (77), ഭാര്യ റോസിലി (71), ചെറുമകൾ അലീന (17) എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കനത്ത കാറ്റിനെ തുടർന്ന് അതിരപ്പിള്ളി റോഡിൽ കൊന്നകുഴിയിൽ  വാട്ടർ ഷെഡ് കമ്പനി തകർന്ന് റോഡിലേക്ക് വീണു ഗതാഗതം തടസ്സപ്പെട്ടു. അതിരപ്പിള്ളി - മലക്കപ്പാറ വിനോദ സഞ്ചാര മേഖലയിൽ അതിശക്തമായ മഴയു കാറ്റും മൂലം മരങ്ങൾ റോഡിലേക്ക് വീണ് ഗതാഗതം രാവിലെ മുതൽ തടസ്സപ്പെട്ടു. ഇതേതുടർന്ന് തുമ്പൂർമുഴി ഡിഎംസിയുടെ വെള്ളി, ശനി, ഞായർ ദിവസങ്ങളിലെ മഴയാത്ര, മലക്കപ്പാറ ജംഗിൾ സഫാരി ട്രിപ്പുകൾ താത്കാലികമായി നിർത്തി. മലക്കപ്പാറ റോഡിൽ രാവിലെ മണ്ണിടിഞ്ഞ് ഗതാഗതം തടസ്സപ്പെടുകയുണ്ടായി.

അയ്യന്തോൾ പുതൂർക്കര വായനശാലയുടെ സമീപം ഒളരി പുല്ലഴിയിൽ വൻമരം, ആൽമരങ്ങൾ എന്നിവ കടപുഴകി ഈ ഭാഗങ്ങളിൽ ഇലക്ട്രിക് ലൈൻ പൊട്ടിവീണ് വൈദ്യുതിയും ഇവിടങ്ങളിലെ ഗതാഗതവും തടസ്സപ്പെട്ടു. ഇന്നലെ രാവിലെയാണ് സംഭവം.

കനത്ത മഴയെ തുടർന്ന് കൊടുങ്ങല്ലൂർ താലൂക്കിൽ ചെന്ത്രാപ്പിന്നി വില്ലേജിൽ ഗവ. മാപ്പിള ഹയർ സെക്കൻഡറി സ്കൂളിൽ ക്യാമ്പ് ആരംഭിച്ചിട്ടുണ്ട്. ഏഴു കുടുംബങ്ങളിലായി 24 പേരെ ഇവിടേക്ക് മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ, ചാവക്കാട്, മുകുന്ദപുരം  താലൂക്കുകളിലായി നാല് ക്യാമ്പുകളുണ്ട്. ഇതിൽ 15 കുടുംബങ്ങളിലായി 54 പേരാണുള്ളത്.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി

കനത്ത മഴയായതിനാലും ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചതിനാലും ജില്ലയിലെ പ്രൊഫഷണൽ സ്ഥാപനങ്ങൾ ഉൾപ്പെടെ അങ്കണവാടികൾ, സ്കൂളുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ, ഐസിഎസ്ഇ-സിബിഎസ്ഇ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മുഴുവൻ ജില്ലാ കളക്ടർ ഇന്ന് (ആഗസ്റ്റ് 9) അവധി പ്രഖ്യാപിച്ചു. മുൻ നിശ്ചയിച്ച പ്രകാരമുള്ള പരീക്ഷകൾക്ക് അവധി ബാധകമല്ല.

## ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസിൽ മരം വീണു: കാർ ഷെഡ് തകർന്നു

ശക്തമായ കാറ്റിലും മഴയിലും മരക്കൊമ്പ് പൊട്ടിവീണ് ജില്ലാ കളക്ടർ എസ്. ഷാനവാസിന്റെ ക്യാമ്പ് ഓഫീസിലെ കാർ ഷെഡിന്റെ ഒരു ഭാഗം തകരുകയും ഇവിടേക്കുള്ള വൈദ്യുത കേബിൾ പൊട്ടിവീഴുകയും ചെയ്തു. വ്യാഴാഴ്ച പുലർച്ചെ മൂന്ന് മണിയോടെയാണ് സംഭവം. ക്യാമ്പ് ഓഫീസിലുണ്ടായിരുന്ന ഈട്ടി മരത്തിന്റെ കൊമ്പ് ശക്തമായ കാറ്റിനെ തുടർന്ന് പൊട്ടിവീഴുകയായിരുന്നു. ഇതേ തുടർന്ന് കോമ്പൗണ്ടിലെ പ്ലാവിന്റെ കൊമ്പും പൊട്ടിവീണു. ഒരു ഭാഗം റോഡിലേക്ക് പതിച്ചതിനെ തുടർന്ന് ഇതുവഴിയുള്ള ഗതാഗതവും തടസപ്പെട്ടിരുന്നു. തുടർന്ന് അഗ്നിശമന വിഭാഗമെത്തി മരക്കൊമ്പുകൾ മുറിച്ചു മാറ്റുകയും വഴിതടസം നീക്കുകയും ചെയ്തു.

## പൊതുമരാമത്ത് ഡിസൈൻ വിംഗിനെ ശക്തിപ്പെടുത്തി: മന്ത്രി ജി. സുധാകരൻ

പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിംഗിനെ ശക്തിപ്പെടുത്തിയതായി പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ. മേത്തല മിനിസിവിൽ സ്റ്റേഷൻ നിർമ്മാണോദ്ഘാടനം തിരുവഞ്ചിക്കുളം ശിവരാത്രി മണ്ഡപത്തിൽ നിർവ്വഹിച്ചു

സംസാരിക്കുകയായിരുന്നു മന്ത്രി. തിരുവനന്തപുരത്തിന് പുറമേ കൊച്ചിയിലും കോഴിക്കോടും ഡിസൈൻ വിംഗ് തുടങ്ങി ഒരേസമയം 1500 ഡിസൈനുകൾ രൂപകൽപ്പന ചെയ്യാൻ പാകത്തിലാണ് ഡിസൈൻവിംഗുകളെ പാകപ്പെടുത്തുക. പാലാരിവട്ടം മേൽപ്പാലത്തിന്റെ ഡിസൈൻ രൂപകൽപ്പന ചെയ്യുന്നതിൽ പാളിച്ച പറ്റി. സംസ്ഥാനത്തെ ആദ്യത്തേയും അവസാനത്തെയും സംഭവമായിരിക്കും പാലാരിവട്ടം മേൽപ്പാലമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പ്രളയത്തിന് ശേഷം കെട്ടിടനിർമാണ രംഗത്ത് വൻ മാറ്റങ്ങളാണ് പൊതുമരാമത്ത് വകുപ്പ് നടത്തിയിട്ടുള്ളത്. പിഡബ്ല്യുഡി ലൈസൻസ് ഇല്ലാത്തവർക്ക് ഇല്കട്രിക്കൽ വർക്കിന് അനുമതി നൽകില്ല. കൂടാതെ സിവിൽ-ഇലക്ട്രിക് വർക്കുകൾക്ക് ഒറ്റ ഭരണാനുമതി ആക്കി മാറ്റിയിട്ടുണ്ട്. കെട്ടിടങ്ങളുടെ ഗുണനിലവാരം, സൗന്ദര്യം, ദീർഘായുസ്സ് എന്നിവയുടെ കാര്യത്തിൽ യാതൊരു വിധ ഒത്തുതീർപ്പിനും സർക്കാർ തയ്യാറല്ല. ഇക്കാര്യത്തിൽ എഞ്ചിനീയർമാരും കോണ്ട്രാക്ടർമാരും ഒരുമിച്ച് കൈകോർത്തു പ്രവർത്തിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അഡ്വ. വി. ആർ സുനിൽകുമാർ എംഎൽഎ അധ്യക്ഷത വഹിച്ചു. കൊടുങ്ങല്ലൂർ നഗരസഭാ ചെയർമാൻ കെ.ആർ. ജൈത്രൻ മുഖ്യാതിഥിയായി. പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ എ. മുഹമ്മദ് റിപ്പോർട്ട് അവതരിപ്പിച്ചു. നഗരസഭ വൈസ് ചെയർമാൻ ഹണി പീതാംബരൻ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരായ കെ.എസ്. കൈസാബ്, പി.എൻ. രാമദാസ്, ശോഭ ജോഷി, സി.കെ. രാമനാഥൻ, തങ്കമണി സുബ്രഹ്മണ്യൻ, തഹസിൽദാർ കെ. രേവ, വാർഡ് കൗൺസിലർമാർ എന്നിവർ പങ്കെടുത്തു. തൃശൂർ എഡിഎം റജി. പി. ജോസഫ് സ്വാഗതവും കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമാല. വി.കെ നന്ദിയും പറഞ്ഞു.

നിലവിൽ സ്ഥലസൗകര്യമില്ലാത്ത സർക്കാർ കെട്ടിടങ്ങൾ ഒരു കുടക്കീഴിൽ ആക്കുക എന്ന ലക്ഷ്യത്തോടെയാണ് മേത്തലയിൽ മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്നത്. കൊടുങ്ങല്ലൂർ-കോട്ടപ്പുറം റോഡിൽ കീത്തോളി ജംഗ്ഷനിൽ റവന്യൂവകുപ്പിന്റെ 32സെന്റ് സ്ഥലത്ത് 2.67 കോടി രൂപ ചെലവഴിച്ച് 11,500 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ രണ്ട് നിലകളിലായാണ് കെട്ടിടം നിർമ്മിക്കുന്നത്. താഴത്തെ നിലയിൽ പോർച്ച്, എ. ഇ.ഒ ഓഫീസ്, വില്ലേജ് ഓഫീസ്, എക്സൈസ് ഓഫീസ്, നാല് ടോയ്‌ലറ്റുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. മുകൾ നിലയിൽ ഡെപ്യൂട്ടി കളക്ടർ(എൽ.എ), കോൺഫറൻസ് ഹാൾ, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, വി.ഇ.ഒ ഓഫീസ്, നാല് ടോയ്‌ലറ്റുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൽ വില്ലേജ് ഓഫീസ്, എക്സൈസ് ഓഫീസ്, ഡെപ്യൂട്ടി കളക്ടർ(എൽ.എ), അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ എന്നിവ ഇപ്പോൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടത്തിന്റെ ആർക്കിടെക്ചറൽ ഡ്രോയിംഗ് പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിഭാഗവും സ്ട്രെക്ച്ചറൽ ഡിസൈൻ പൊതുമരാമത്ത് ഡിസൈൻ വിഭാഗവുമാണ് ചെയ്തിരിക്കുന്നത്. 18 മാസം കൊണ്ട് നിർമ്മാണം പൂർത്തിയാക്കും.

## ആദ്യവിമാനയാത്രയുടെ ലഹരിയിൽ പെരിഞ്ഞനം കുടുംബശ്രീ

ആദ്യവിമാനയാത്ര നടത്തിയതിന്റെ ഉത്സാഹത്തിലാണ് പെരിഞ്ഞനം പഞ്ചായത്തിലെ കുടുംബശ്രീ അംഗങ്ങൾ. രണ്ടു ദിവസം നീണ്ട യാത്രയുടെ ആവേശം നാട്ടിലെത്തിയിട്ടും കെട്ടടങ്ങിയിട്ടില്ല. പെരിഞ്ഞനം പഞ്ചായത്തിലെ 37 കുടുംബശ്രീ വനിതകളടക്കം നാൽപത് പേരാണ് വിമാനയാത്രയുടെ രസമറിയാൻ കൊച്ചിയിൽ നിന്ന് തിരുവനന്തപുരത്തേയ്ക്ക് യാത്രയായത്. പെരിഞ്ഞനം പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. സച്ചിത്ത്, മെമ്പർ ടി.പി. അജയൻ, സി.ഡി.എസ് സുജിത സതീഷ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു യാത്ര.

പഞ്ചായത്തിലെ അയൽക്കൂട്ടങ്ങൾക്കിടയിലാണ് വിമാനയാത്ര എന്ന ആശയം ഉദിക്കുന്നത്. പലരും വിമാനം മാത്രമല്ല ട്രയിനിൽ പോലും യാത്ര ചെയ്യാത്തവരായിരുന്നു. പഞ്ചായത്തിലെ വിവിധ അയൽക്കൂട്ടങ്ങളിൽ നിന്ന് വിമാനയാത്രയ്ക്ക് തയ്യാറായി വന്ന 37 പേരാണ് പങ്കെടുത്തത്. 72 വയസ്സായ ലിസിയാണ് കൂട്ടത്തിൽ മുതിർന്ന അംഗം. ടെർമിനലിൽ പ്രവേശിച്ചപ്പോൾ മുതൽ ആകാംക്ഷയിലായിരുന്ന ആവേശം വിമാനത്തിൽ കയറിയതോടെ വർദ്ധിച്ചു. സെൽഫിയെടുത്തും

വീഡിയോ പകർത്തിയും വാട്സാപ്പിൽ സ്റ്റാറ്റസിട്ടും ആവേശം സൗഹൃദവലയങ്ങളിലേക്കും നീട്ടി. ടേക്കോഫിൽ അനൗൺസ്മെന്റ് വന്നത് കൗതുകത്തോടെ കേട്ടു. ആദ്യമാദ്യം ഭയമായിരുന്നെങ്കിലും പിന്നീട് യാത്ര വളരെ രസകരമായി ആസ്വദിക്കാൻ കഴിഞ്ഞുവെന്ന് ലിസിയമ്മ പറയുന്നു. തിരുവനന്തപുരത്തെത്തിയ സംഘത്തിന്റെ ആദ്യയാത്ര നിയമസഭയിലേക്കായിരുന്നു. കയ്പമംഗലം നിയോജകമണ്ഡലം എംഎൽഎ ഇ.ടി. ടൈസൺ മാസ്റ്റർ നിയമസഭയിൽ അവരെ സ്വീകരിച്ചു. സ്പീക്കർ ശ്രീരാമകൃഷ്ണനോടൊപ്പം അൽപനേരം. മൂന്ന് മണിക്കൂറാണ് സംഘം അവിടെ ചെലവഴിച്ചത്. പിന്നീട് പത്മനാഭസ്വാമി ക്ഷേത്രം, ബീമാപള്ളി, ശംഖുമുഖം, കോവളം എന്നീ സ്ഥലങ്ങളിൽ കറങ്ങി രാത്രിയോടെ ട്രെയിനിൽ മടക്കം. അടുത്ത യാത്ര കപ്പൽ വഴിയാക്കണമെന്ന നിശ്ചയത്തോടെയാണ് 37 പേരും നാട്ടിൽ തിരിച്ചെത്തിയത്.

## ദേശീയപാത വികസനം: ആദ്യഘട്ടമായി 300 കോടി രൂപ കൈമാറി: മന്ത്രി ജി. സുധാകരൻ

ദേശീയപാത വികസനത്തിന്റെ ഭാഗമായി ആദ്യഘട്ടം നിർമ്മിക്കുന്നതിന് നിർമ്മാണചെലവിന്റെ 25 ശതമാനമായ 300 കോടി രൂപ സംസ്ഥാനം കൈമാറിയതായി പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ പറഞ്ഞു. അഷ്ടമിച്ചിറ-പാളയംപറമ്പ്-വൈന്തല-അന്നമനട റോഡിന്റെ പുനർനിർമ്മാണത്തിന്റെ ഉദ്ഘാടനം പാളയംപറമ്പിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ദേശീയപാത വികസനത്തിന് ടെൻഡർ വിളിച്ചുവെച്ച കാസർകോട് ജില്ലയിൽ ടെൻഡർ തുറക്കാൻ നിർദ്ദേശിച്ചതായി മന്ത്രി പറഞ്ഞു. ഇവിടെ 1500 കോടിയാണ് ദേശീയപാത നിർമ്മാണത്തിന്റെ ചെലവ്. കരാറുകാരന് പണം കൈമാറി നിർമ്മാണം തുടങ്ങിയാൽ ദേശീയപാത നിർമ്മാണം ആരംഭിച്ചു എന്ന് പറയാൻ കഴിയും. ദേശീയപാത നിർമ്മാണത്തിൽ സംസ്ഥാന സർക്കാറിന് ചെയ്യാൻ കഴിയുന്നത് മുഴുവൻ ചെയ്തു. ദേശീയപാത നാലുവരിയാവുന്നതോടെ നമ്മുടെ നാടിന്റെ മുഖശ്രീ തന്നെ മാറും. ദേശീയപാത നാലുവരിയാക്കുന്നതിന് 44000 കോടി രൂപയാണ് ചെലവ്. 600 കിലോ മീറ്റർ റോഡ് നിർമ്മിക്കാനുണ്ട്. 30 മീറ്റർ റോഡിന് 15 മീറ്റർ ഓരോ സ്ഥലത്തും ഏറ്റെടുക്കണം. ഭൂമി ഏറ്റെടുക്കാൻ മാത്രം 22,000 കോടി രൂപ വേണം. ചെലവിന്റെ 25 ശതമാനം സർക്കാർ വഹിക്കണമെന്ന മുമ്പില്ലാത്ത നിബന്ധന കേന്ദ്രം വെച്ചു. ഇത് സർക്കാർ അംഗീകരിച്ചതോടെ ദേശീയപാത വികസനം ഉറപ്പാക്കിയതായും മന്ത്രി പറഞ്ഞു.

സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി തൃശൂർ ജില്ലക്ക് 98 കോടി രൂപ അനുവദിച്ചതായി മന്ത്രി അറിയിച്ചു. പൊതുമരാമത്ത് വകുപ്പ് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ജില്ലയിൽ അയ്യായിരം കോടി രൂപ നിക്ഷേപിച്ചു. മഴയത്ത് ഒരു കാരണവശാലും റോഡ് പണി നടത്തരുതെന്നും റോഡ് അറ്റകുറ്റപണി കരാറുകാരന്റെ ഉത്തരവാദിത്തമാണെന്നും മന്ത്രി പറഞ്ഞു.

അഡ്വ. വി.ആർ. സുനിൽകുമാർ എം.എൽ.എ അധ്യക്ഷത വഹിച്ചു. മാള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ഇ. കേശവൻ കുട്ടി, അന്നമനട ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ടെസ്സി ടൈറ്റസ്, മാള ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ഇൻ ചാർജ് ഗൗരി ദാമോദരൻ, ജില്ലാ പഞ്ചായത്തംഗം അഡ്വ. കെ.ആർ. സുമേഷ്, ചാലക്കുടി ബ്ലോക്ക് പഞ്ചായത്തംഗം വി.എ. പത്മനാഭൻ, കാടുകുറ്റി ഗ്രാമപഞ്ചായത്ത് അംഗം ബീന ഫ്രാൻസിസ്, അന്നമനട ഗ്രാമപഞ്ചായത്തംഗം ഗീത ഉണ്ണികൃഷ്ണൻ, മാള ഗ്രാമപഞ്ചായത്തംഗം ഗീത ഭാസ്കരൻ, പൊതുമരാമത്ത് വകുപ്പ് സൂപ്രണ്ടിംഗ് എൻജിനീയർ ഐസക് വർഗീസ്, എക്സിക്യൂട്ടീവ് എൻജിനീയർ എ. പ്രേംജിലാൽ എന്നിവർ സംസാരിച്ചു.

## വൈദ്യുതി മുടങ്ങും

കെഎസ്ഇബി 110 കെ വി കുന്നംകുളം സബ്സ്റ്റേഷനിൽ നിന്നും പുന്നയൂർക്കുളം സബ്സ്റ്റേഷനിലേക്കുള്ള 110 കെവി ലൈനിലെ ടവർ ചെമ്മണ്ണൂർ കോൾപ്പാടത്ത് മറിഞ്ഞു വീണതിനാൽ പുന്നയൂർക്കുളം സബ് സ്റ്റേഷനിൽ നിന്നുള്ള ഉള്ള എല്ലാ ഫീഡറുകളിലും വൈദ്യുതി തടസ്സപ്പെടുമെന്ന് പുന്നയൂർക്കുളം ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ഫോൺ: 9496009655.

## വനിതാ കമ്മീഷന് രാഷ്ട്രീയപക്ഷപാതിത്വമില്ല: എം സി ജോസഫൈൻ

വനിതാ കമ്മീഷന് രാഷ്ട്രീയ പക്ഷപാതിത്വമില്ലെന്നു വനിതാ കമ്മീഷൻ ചെയർ പേഴ്സൺ എം സി ജോസഫൈൻ. തൃശൂർ ടൗൺഹാളിൽ നടന്ന കേരള വനിതാ കമ്മീഷൻ മെഗാ അദാലത്തിൽ സംസാരിക്കുകയായിരുന്നു അവർ. വ്യത്യസ്തമായ 97 പരാതികളാണ് അദാലത്തിൽ വന്നത്. അതിൽ 20 പരാതികൾ ഒത്തു തീർപ്പാക്കി. 6 പരാതി തുടർ റിപ്പോർട്ടിന് അയച്ചു. 71 പരാതികൾ അടുത്ത അദാലത്തിലേക്കു പരാതി കേൾക്കാൻ മാറ്റി വെച്ചു. ആദ്യമായി സിറ്റിങ്ങിനു എത്തിയ പരാതികളായിരുന്നു ഈ അദാലത്തിൽ ഏറെയും. വനിതാ കമ്മിഷൻ മെമ്പർമാരായ അഡ്വ ഷിജി ശിവജി, എം എസ് താര, ഇ എം രാധ, അഡ്വക്കേറ്റ്സ്, പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ഗസ്റ്റ് ലക്ചറർ നിയമനം

കുന്നംകുളം ഗവ. പോളിടെക്നിക് കോളേജിൽ എഫ്ഡിജിറ്റി ബ്രാഞ്ചിൽ ഗസ്റ്റ് ലക്ചറർ ഇൻ ഇംഗ്ലീഷ് തസ്തികയിൽ നിയമനം നടത്തുന്നു. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ആഗസ്റ്റ് 13 രാവിലെ 11 ന് പ്രിൻസിപ്പാലിന്റെ കാര്യാലയത്തിൽ അഭിമുഖത്തിന് എത്തണം. ഫോൺ: 04885-226581.

## പ്രളയം തകർത്ത റോഡിന് പുതുജീവൻ

പ്രളയത്തിൽ ചാലക്കുടി പുഴ ഗതി മാറിയൊഴുകി ദുരന്തം വിതച്ച അഷ്ടമിച്ചിറ അന്നമനട റോഡിന് പുതുജീവൻ. സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 10 കോടി രൂപ ചിലവിൽ നിർമിക്കുന്ന റോഡിന്റെ നിർമ്മാണോദ്ഘാടനം പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരനാണ് നിർവഹിച്ചത്. അഷ്ടമിച്ചിറ- പാളയംപറമ്പ് - വൈന്തല - അന്നമനട റോഡാണ് ദുരിതത്തിൽ നിന്നും കര കയറുന്നത്. ഒരു കിലോമീറ്ററിന് ഒരു കോടി രൂപ നിർമ്മാണച്ചിലവ് വകയിരുത്തും. അഷ്ടമിച്ചിറ അന്നമനട റോഡിന്റെ 7.90 കിലോമീറ്റർ നീളവും മാള ചാലക്കുടി റോഡിന്റെ 2.10 കിലോമീറ്റർ നീളവും ഉൾപ്പെടുത്തി 10 കിലോമീറ്റർ ദൂരം മെക്കാഡം റോഡായി ഉയർത്തും. നിലവിലുള്ള ഓടകൾ നവീകരിക്കും. 2500 മീറ്റർ നീളത്തിൽ ആവാശ്യമായിടത്തു പുതിയ ഓടകൾ നിർമിക്കും. താഴ്ന്ന പ്രദേശത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് കോൺക്രീറ്റ് ടൈലുകൾ വിരിക്കും. നിലവിലുള്ള ഒൻപതു കലുങ്കുകൾ പുതുക്കി പണിയും. ഒൻപതു മാസമാണ് നിർമ്മാണ കാലാവധി. മാള പഞ്ചായത്ത് നാല്, അഞ്ചു, ആറ്, ഏഴ്, എന്നീ വാർഡുകളും, കാടുകുറ്റി പഞ്ചായത്ത് ഒന്ന്, പതിനാറ്, പതിനഞ്ചു എന്നീ വാർഡുകളും അന്നമനട പഞ്ചായത്ത് അഞ്ചാം വാർഡിലുമായി വരുന്ന റോഡാണിത്. ചാലക്കുടി കൊടുങ്ങല്ലൂർ നിയോജക മണ്ഡലങ്ങളിലൂടെ റോഡ് കടന്നു പോകുന്നു. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിലേക്കായി വാഹനങ്ങൾ ദിവസവും റോഡിനെ ആശ്രയിക്കുന്നു. നാലമ്പല ദർശനത്തിനായി മൂഴിക്കുളത്തേക്ക് പോകുന്ന വാഹങ്ങളും ഇതുവഴിയാണ് കടന്നു പോകുന്നത്.

## വന അദാലത്ത് : സംസ്ഥാനതല ഉദ്ഘാടനവും ജില്ലാ അദാലത്തും ഇന്ന് (ആഗസ്റ്റ് 9)

വനം വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട പരാതികൾക്ക് അടിയന്തിര പരിഹാരം കാണുന്നതിനായി വകുപ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്ന വന അദാലത്തുകൾക്ക് ഇന്ന് (ആഗസ്റ്റ് 9 ) തുടക്കമാകും. സംസ്ഥാനതല ഉദ്ഘാടനവും തിരുവനന്തപുരം ജില്ലാ അദാലത്തും ഇന്ന് നെടുമങ്ങാട് മുനിസിപ്പൽ ടൗൺഹാളിൽ നടക്കും. രാവിലെ 10 ന് വനംമന്ത്രി അഡ്വ കെ രാജു അദാലത്ത് ഉദ്ഘാടനം ചെയ്യും. പട്ടയ സംബന്ധമായ പരാതികൾ ഒഴികെ വനംവകുപ്പുമായി ബന്ധപ്പെട്ട് ആഗസ്റ്റ് 2 വരെ സമർപ്പിച്ച പരാതികളാണ് അദാലത്തിൽ പരിഗണിക്കുക.

## മതിലകം ബ്ലോക്ക് പഞ്ചായത്തിൽ ബ്ലൂ ആർമി പരിശീലനപരിപാടി നടത്തി

മതിലകം ബ്ലോക്ക് പഞ്ചായത്തിൽ ജലരക്ഷ-ജീവരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട് ബ്ലൂആർമി പരിശീലന പരിപാടി സംഘടിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ .കെ .അബീദലി അദ്ധ്യക്ഷതയിൽ കില ഫാക്കൽറ്റിയായ വി .കെ .ശ്രീധരൻ ക്ലാസെടുത്തു. കൊടുങ്ങല്ലൂർ അസിസ്റ്റൻറ് എഡ്യൂക്കേഷൻ ഓഫീസർ എം .വി .ദിനകരൻ സ്വാഗതം ആശംസിച്ചു. മതിലകം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഇ .ജി .സുരേന്ദ്രൻ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ടി.ആർ. ജയൻ, ബ്ലോക്ക് പരിധിയിൽപെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രധാന അദ്ധ്യാപകർ/ ബ്ലൂ ആർമി ചാർജ്ജുള്ള അദ്ധ്യാപകർ ,ജാഅ പ്രസിഡൻറ്മാർ , മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസർ വിനീത സോമൻ നന്ദി പറഞ്ഞു.

ഒരു കുട്ടിക്ക് 'ഒരു മഴക്കുഴി ഒരു മരം ' എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം . ഇതോടൊപ്പം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ചെയർമാനായും, ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസർ സെക്രട്ടറിയായും ,കൊടുങ്ങല്ലൂർ അസിസ്റ്റൻറ് എഡ്യൂക്കേഷണൽ ഓഫീസിർ കൺവീനറുമായുള്ള ബ്ലോക്ക് തല മോണിറ്ററിങ്ങ് സമിതിയും രൂപീകരിച്ചു.

## ദേശീയജലപാത മൂന്ന് മാസം കൊണ്ട് പൂർത്തിയാവും: മന്ത്രി ജി. സുധാകരൻ

കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയജലപാത പുനർനിർമ്മാണം മൂന്നു മാസം കൊണ്ട് പൂർത്തിയാക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ പറഞ്ഞു. ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ പൂർത്തിയായ ആറ് റോഡുകളുടെ ഉദ്ഘാടനവും രണ്ട് റോഡുകളുടെ നിർമ്മാണോദ്ഘാടനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കാസർകോട് നിന്ന് തിരുവനന്തപുരത്ത് നാല് മണിക്കൂർ കൊണ്ട് എത്താവുന്ന സെമി ഹൈസ്പീഡ് റെയിൽ സർവീസിന് സംസ്ഥാന മന്ത്രിസഭ ബുധനാഴ്ച അംഗീകാരം നൽകിയതായും മന്ത്രി അറിയിച്ചു. മൊത്തം ആയിരം കോടി രൂപ ചെലവിൽ മലയോര ഹൈവേയും തീരദേശ ഹൈവേയും നിർമ്മാണം നടക്കുന്നതായും മന്ത്രി പറഞ്ഞു.

പോട്ട-മൂന്നുപീടിക റോഡ്, പൊറത്തശ്ശേരി-മിനി സിവിൽ സ്റ്റേഷൻ റോഡ്, മുരിയാട്-കാരൂർ-കൊപ്രക്കളം റോഡ്, ഈസ്റ്റ് പഞ്ഞപ്പിള്ളി-പാറേക്കാട്ടുകര റോഡ്, പുല്ലൂർ അപകട വളവ്, കാട്ടൂർ-ഗവ. ഹോസ്പിറ്റൽ റോഡ് എന്നിവയാണ് നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തത്. എഴുന്നള്ളത്ത് പാത റോഡ്, താണിശ്ശേരി റോഡ് എന്നിവയാണ് നിർമ്മാണം ആരംഭിച്ചത്.

പ്രൊഫ. കെ.യു. അരുണൻ മാസ്റ്റർ എം.എൽ.എ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് എൻ.കെ. ഉദയപ്രകാശ്, ഇരിങ്ങാലക്കുട നഗരസഭ ചെയർപേഴ്സൻ നിമ്യ ഷിജു, ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് വി.എ. മനോജ് കുമാർ, വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ടി.ജി. ശങ്കരനാരായണൻ, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർ, പൊതുമരാമത്ത് വകുപ്പ് സൂപ്രണ്ടിംഗ് എൻജിനീയർ കെ.ടി. ബിന്ദു, തൃശൂർ എക്സിക്യൂട്ടീവ് എൻജിനീയർ പി.വി. ബിജി, രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവർ സംസാരിച്ചു.

## പോലീസ് ബന്ദിയാക്കിയ കർഷകരെ ഉടൻ മോചിപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

പോലീസ് വാഹനങ്ങളിൽ ബന്ദികളാക്കപ്പെട്ട, പട്ടയത്തിന് വേണ്ടി സമരം ചെയ്ത കർഷകരെ ഉടൻ മോചിപ്പിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. പോലീസ് വാഹനങ്ങളിൽ കർഷകരെ ബന്ദികളാക്കുകയും മർദ്ദിക്കുകയും ചെയ്ത സംഭവം ഡി വൈ എസ് പി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ നിയോഗിച്ച് അന്വേഷിക്കണമെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം പി. മോഹനദാസ് തൃശൂർ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകി. സ്വീകരിച്ച നടപടികൾ നാലാഴ്ചക്കകം കമ്മീഷനെ അറിയിക്കണം. സംഭവത്തിന് ഉത്തരവാദിയായ ഒല്ലൂർ സ്റ്റേഷൻ ഹൗസ് ഓഫീസർ സെപ്റ്റംബർ 24 ന് രാവിലെ 10.30 ന് തൃശൂർ റസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ നേരിട്ട് ഹാജരാകണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. ജില്ലാ കളക്ടറും വിശദീകരണം ഹാജരാക്കണം. കേസ് സെപ്റ്റംബർ 24 ന് പരിഗണിക്കും. ഓഗസ്റ്റ് 7 ന് രാത്രി 11 നാണ് സംഭവം.

വൃദ്ധരും സ്ത്രീകളും  അടക്കമുള്ളവരെ അറസ്റ്റ് ചെയ്തു. അറസ്റ്റിന് മുമ്പ് നാലു പേരെ അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ മർദ്ദിച്ചതായി പ്രദേശവാസിയായ ജോബി കൈപ്പാങ്ങൽ സമർപ്പിച്ച പരാതിയിൽ  പറയുന്നു.  എ. സി. പി. ബൂട്ടിട്ട് ചവിട്ടിയ നിഷ (31) ആന്തരിക അവയവങ്ങൾക്ക് പരിക്കേറ്റ് മെഡിക്കൽ കോളേജ് ആശുപത്രിയിലാണ് . അറസ്റ്റ് ചെയ്തവരെ കോടതിയിൽ ഹാജരാക്കിയില്ല. രാത്രി 11 മുതൽ ഒല്ലൂർ വെട്ട്ക്കാട്ട് ബന്ധികളാക്കി. കർഷകർക്ക് മരുന്നും ഭക്ഷണവും പ്രാഥമിക ആവശ്യങ്ങളും നിഷേധിച്ചതായി പരാതിയിൽ പറയുന്നു. ഇത് മനുഷ്യാവകാശ ലംഘനമാണെന്ന് കമ്മീഷൻ ഉത്തരവിൽ പറയുന്നു.